# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 15

# വാർത്താക്കുറിപ്പ്

## സൗരോർജ്ജം തുണയായി; മൂന്ന് മാസത്തിനുള്ളിൽ എം.ജി. സർവകലാശാല ലാഭിച്ചത് 8.73 ലക്ഷം രൂപ

സൗരോർജ്ജ പ്ലാന്റിലൂടെ വൈദ്യുതി ഉല്പാദിപ്പിച്ച് മൂന്ന് മാസം കൊണ്ട് മഹാത്മാ ഗാന്ധി സർവകലാശാല ലാഭിച്ചത് 8.73 ലക്ഷം രൂപ. വൈദ്യുതി ഉപയോഗം ഗണ്യമായി വർധിക്കുന്ന ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് വൈദ്യുതി ചാർജ് കുറച്ച് എം.ജി. സർവകലാശാല നേട്ടം കൈവരിച്ചത്. കഴിഞ്ഞ വർഷം ഫെബ്രുവരി മുതൽ ഏപ്രിൽ വരെ യഥാക്രമം 12.76 ലക്ഷം, 14.19, 13.55 ലക്ഷം രൂപയാണ് വൈദ്യുതി ചാർജ് അടച്ചതെങ്കിൽ ഇത്തവണ അത് 9.84, 11.34, 10.58 ലക്ഷം രൂപയായി കുറഞ്ഞെന്ന് സിൻഡിക്കേറ്റ് ആസൂത്രണ വികസന ഉപസമിതി കൺവീനർ ഡോ. കെ. കൃഷ്ണദാസ് പറഞ്ഞു. ഇതിലൂടെ 8,73,761 രൂപ സർവകലാശാലയ്ക്ക് ലാഭിക്കാൻ കഴിഞ്ഞു.

എട്ട് കെട്ടിടസമുച്ചയങ്ങളിലായി 400 കിലോവാട്ടിന്റെ ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ് സ്ഥാപിച്ചാണ് സർവകലാശാല വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. 3.25 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്.

സോളാർ പവർപ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സർവകലാശാല ആവശ്യങ്ങൾക്കുപയോഗിക്കുന്നുണ്ട്. മിച്ചം വരുന്നത് കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്നു. ദിവസേന 1600 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ളതാണ് പ്ലാന്റ്. കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ വില കുറച്ചുള്ള ചാർജാണ് സർവകലാശാല അടയ്ക്കുന്നത്.

320 കിലോവാട്ട് ശേഷിയുള്ള 1258 പാനലുകളും 50, 30, 20, 6 കിലോവാട്ട് ശേഷിയുള്ള സ്ട്രിംഗ് ഇൻവെർട്ടറുകളുമാണ് സ്ഥാപിച്ചിരിക്കുന്നത്. സർവകലാശാല എൻജിനീയറിംഗ് വിഭാഗത്തിനാണ് പരിപാലന ചുമതല.

(പി.ആർ.ഒ./39/855/2019)

## പരിഷ്ക്കരിച്ച അന്തിമ പി.ജി. സിലബസുകൾ സർവകലാശാലയ്ക്ക് സമർപ്പിച്ചു തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദാനന്തര കോഴ്സുകളുടെ പരിഷ്ക്കരിച്ച അന്തിമ സിലബസ് ബോർഡ് ഓഫ് സ്റ്റഡീസുകളും വിദഗ്ധ സമിതികളും സർവകലാശാലയ്ക്ക് സമർപ്പിച്ചുതുടങ്ങി. ഈ അധ്യയന വർഷം മുതൽ പുതുക്കിയ സിലബസാണ് നടപ്പാകുക.

സ്റ്റാറ്റിസ്റ്റിക്സിന്റെയും ഇസ്ലാമിക് ഹിസ്റ്ററിയുടെയും പരിഷ്ക്കരിച്ച അന്തിമ സിലബസ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ഡോ. എൻ. ഹിത, വിദഗ്ധ സമിതി ചെയർമാൻ ഡോ. ഷാജില ബീവി എന്നിവർ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം. തോമസിന് കൈമാറി. സിൻഡിക്കേറ്റ് സിലബസ് പരിഷ്ക്കരണ സമിതി കൺവീനർ വി.എസ്. പ്രവീൺകുമാർ, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ പങ്കെടുത്തു.

അഞ്ചുമാസം കൊണ്ട് 90 പി.ജി. പ്രോഗ്രാമുകളുടെ സിലബസാണ് പരിഷ്‌ക്കരിച്ചത്. 2012ലാണ് അവസാനമായി പി.ജി. സിലബസ് പരിഷ്‌ക്കരണം നടന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**സ്റ്റാറ്റിസ്റ്റിക്‌സിന്റെ പരിഷ്‌ക്കരിച്ച അന്തിമ പി.ജി. സിലബസ് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം. തോമസിന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ഡോ. എൻ. ഹിത കൈമാറുന്നു**

(പി.ആർ.ഒ./39/855/2019)

## ബി.ടെക് ഉത്തരക്കടലാസുകൾ എത്തിക്കണം

2019ൽ നടന്ന ഒന്ന്, രണ്ട്, നാല്, ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് പരീക്ഷയുടെ ഉത്തരക്കടലാസുകൾ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും പഴയ പരീക്ഷഭവനിലെ 25-ാം നമ്പർ മുറിയിൽ മെയ് 18നകം എത്തിക്കണം.

(പി.ആർ.ഒ./39/855/2019)

## പരീക്ഷഫലം

2019 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി (2015-2016 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/855/2019)

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്‌സ് (പ്രൈവറ്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/855/2019)

2019 മാർച്ചിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം-4 പി.എം.-9 പി.എം.- റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/855/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ